**Athmaraksha.org**

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ക്രിസ്തീയവിശ്വാസും സമ്പത്തിനോടുള്ള ഭ്രമവും ഒന്നിച്ചു പോകില്ല മാർപാപ്പ



വത്തിക്കാൻ സിറ്റി ക്രിസ്തീയ വിശ്വാസത്തിനും സമ്പത്തിനോടുള്ള ഒന്നിച്ചു പോകാൻ സാധിക്കുകയില്ലെന്നു ഫ്രാൻസിസ് മാർപാപ്പ. ഇന്നലെ ഞായറാഴ്ച ത്രികാല പ്രാർത്ഥനയ്ക്കു മുമ്പായി മാർക്കോസിന്റെ സുവിശേഷം പത്താം അധ്യായത്തിലെ ധനികനായ ചെറുപ്പക്കാരന്റെ ജീവിതാനുഭവം വ്യാഖ്യാനിച്ചുകൊണ്ട് വചനസന്ദേശം നല്കുകയായിരുന്നു മാർപാപ്പ.

ധനികനായ ചെറുപ്പക്കാരന്റെ ഹൃദയം രണ്ടു യജമാനന്മാരായ ദൈവത്തിന്റെയും സമ്പത്തിന്റെയും നടുവിൽ വിഭജിതമായിരുന്നു. ഈശോയുടെ സ്നേഹപൂർവ്വമായ നോട്ടത്താൽ ഈ ചെറുപ്പക്കാരനു സാധിച്ചില്ല മാനസാന്തരപ്പെടാനായി വിട്ടുകൊടുക്കുവാൻ. കർത്താവിന്റെ സ്നേഹം എളിമയോടും നന്ദിയോടുംകൂടി സ്വീകരിക്കുമ്പോൾ മാത്രമേ വിഗ്രഹങ്ങളുടെ വശീകരണത്തിൽനിന്നും, നമ്മുടെ മിഥ്യാ ബോധത്തിൽനിന്നുണ്ടാകുന്ന അന്ധതയിൽനിന്നും നമുക്ക് മോചനം ലഭിക്കുകയുള്ളു.

സമ്പത്തും സന്തോഷവും വിജയവും നമ്മുടെ കണ്ണഞ്ചിപ്പിക്കുമെങ്കിലും പിന്നീട് അവ നമ്മെ നിരാശപ്പെടുത്തുന്നു. അവ ജീവൻ വാഗ്ദാനം ചെയ്യുന്നെങ്കിലും മരണമാണു നമുക്കു നേടിത്തരുന്നത്. ഈശോ നമ്മോടാവശ്യപ്പെടുന്നത് ഇത്തരം കള്ളസമ്പത്തുകളിൽ നിന്നു നിത്യജീവൻ വേർപെടുത്താനും നിത്യജീവനിലേക്ക് പ്രവേശിക്കാനുമാണ്.

അത് മരണാനന്തരമുള്ള ജീവിതം മാത്രമല്ല, മറിച്ച് പൂർണ്ണവും പൂർത്തീകരിക്കപ്പെട്ടതും പരിമിതിയില്ലാത്തതും സത്യവും ആധികാരികവും പ്രകാശപൂർണ്ണവുമായ ജീവിതമാണെന്നും മാർപാപ്പ പറഞ്ഞു.

സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ഉണ്ടായിരുന്ന യുവതീയുവാക്കളോട് അവർക്ക് ഈശോയുടെ നോട്ടം ഉണ്ടായിട്ടുണ്ടോ എന്നും, ഈ നോട്ടത്തോട് എങ്ങനെയാണു പ്രതികരിക്കാൻ ആഗ്രഹിക്കുന്നത് എന്നും മാർപാപ്പ ചോദിച്ചു. ഈശോ നൽകുന്ന സന്തോഷത്തോടെ പോകാനാണോ അതോ ലൗകികത നൽകുന്ന ദുഃഖത്തോടെ പോകാനാണോ നിങ്ങൾ ആഗ്രഹിക്കുന്നത്?. സന്തോഷത്തിനുവേണ്ടിയുള്ള നമ്മുടെ ദാഹം ശമിപ്പിക്കാൻ കഴിവുള്ള ഏക വ്യക്തിയായ ഈശോയുടെ നോട്ടത്തിലേക്കും സ്നേഹത്തിലേക്കും നമ്മുടെ ഹൃദയം തുറക്കാനായി, പരിശുദ്ധ കന്യാമറിയം നമ്മെ സഹായിക്കട്ടെയെന്നു പരിശുദ്ധ പിതാവ് ആശംസിച്ചു.

വത്തിക്കാനിൽ നടന്നുവരുന്ന കുടുംബത്തെക്കുറിച്ചുള്ള സിനഡിൽ ഇന്നും നാളെയും ഭാഷാടിസ്ഥാനത്തിലുള്ള പതിമൂന്ന് ഗ്രൂപ്പുകളുടെ ആറും, ഏഴും, എട്ടും, ഒൻപതും സമ്മേളനങ്ങളാണു നടക്കുക.

ഫാ. ജോസഫ് സ്രാമ്പിക്കൽ.